ജെ4/1024/2016

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, 03.12.2018

**സർക്കുലർ**

വിഷയം : പഞ്ചായത്ത് ഡയറക്ടറേറ്റ് - ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:

സൂചന : 1 ജി.ഒ(ആർ.ടി) നം.308/2018/എൽ.എസ്.ജി.ഡി. തീയതി: 02.02.2018.

2 ജി.ഒ(ആർ.ടി) നം.839/2018/എൽ.എസ്.ജി.ഡി. തീയതി: 27.03.2018

3 03.09.2018 ലെ ഇതേനമ്പർ സർക്കുലർ

ആർ.ജി.എസ്.എ.ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് വകുപ്പ് നേരിട്ട് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നടത്തുന്നതിനായി സൂചന (1) പ്രകാരം കൺസൾട്ടൻസി ബോഡിയായി തൃശ്ശൂർ കിലയേയും സൂചന (2) പ്രകാരം സർട്ടിഫിക്കേഷൻ ബോഡിയായി M/s TQ Service നെയും സർക്കാർ നിശ്ചയിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്ക് ഗ്രാമപഞ്ചായത്തുകളെ പ്രാപ്തമാക്കുന്നതിന് വേണ്ടി കൺസൾട്ടൻസി ബോഡിയായ കില ഗ്രാമപഞ്ചയാത്തുകൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് പരാമർശം (3) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സർക്കുലർ പുറപ്പെടുവിച്ചിരുന്നു.എന്നാൽ ഇതിന് മുമ്പ് പ്രൈവറ്റ് കൺസൾട്ടൻസികളുമായി ചേർന്ന് ഐ.എസ്.ഒ.സർട്ടിഫിക്കേഷന് കരാറിൽ ഏർപ്പെട്ട ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് പ്രസ്തുത സർക്കുലറിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ,ആയതിന് സ്പഷ്ടീകരണം നൽകി താഴെ പരാമർശിക്കും പ്രകാരം സർക്കുലർ ഭേദഗതി ചെയ്യുന്നു.

- പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷന് (കൺസൾട്ടൻസി & സർട്ടിഫിക്കേഷൻ) പുതിയ പ്രോജക്ട് ഏറ്റെടുക്കാതിരിക്കുക. എന്നാൽ 30.09.2018 തീയതി വരെ പ്രൈവറ്റ് കൺസൾട്ടൻസിയുമായി ചേർന്ന് എഗ്രിമെൻറ് വച്ച് പ്രവർത്തനങ്ങൾ ആരംഭിച്ച ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ. പ്രവർത്തനങ്ങൾ അതേ രീതിയിൽ തുടർന്ന് പോകാവുന്നതാണ്.
- ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നിലവിൽ പ്രോജക്ടുകൾ ഏറ്റെടുക്കുകയും എന്നാൽ എഗ്രിമെൻറ് വയ്ക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്യാത്ത ഗ്രാമപഞ്ചായത്തുകൾ അത്തരം പ്രോജക്ടുകൾ വാർഷിക പദ്ധതി ഭേദഗതിയിലൂടെ ഉപേക്ഷിക്കേണ്ടതും വകയിരുത്തിയിരുന്ന തുക ക്രമീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തുകൾ യാതൊരു കാരണവശാലും പുതിയതായി ഏതെങ്കിലും ഏജൻസികളുമായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ എഗ്രിമെൻറ് വയ്ക്കുകയോ ചെയ്യാൻ പാടില്ല.
- കിലയിൽ നിന്നുള്ള ക്ഷണം അനുസരിച്ച് നിർദ്ദിഷ്ട തീയതികളിൽ തന്നെ മുഴുവൻ സമയവും പരിശീലനത്തിൽ പങ്കെടുക്കുക, കൺസൾട്ടൻസി പ്രവർത്തനങ്ങൾക്ക് പൂർണ്ണ സഹകരണം നൽകുക.
- പരിശീലനത്തിന് ക്ഷണം ലഭിക്കുകയും എന്നാൽ 30.11.2018 വരെ പരിശീലനത്തിൽ

പങ്കെടുക്കാതിരിക്കുകയും ചെയ്ത ഗ്രാമപഞ്ചായത്തുകൾ കിലയുമായി അടിയന്തിരമായി ബന്ധപ്പെട്ട് പരിശീലനം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുക.

- പരിശീലനത്തിൻറെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക
- ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് കില നിയമിച്ചിട്ടുള്ള ജില്ലാ കോ-ഓർഡിനേറ്റർമാരുടെയും ജില്ലാ റിസോഴ്സ്പേഴ്സൺമാരുടെയും പിന്തുണയോടെ TQM(Total Quality Management) പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
- നിലവിൽ കൺസൾട്ടൻസി പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്തുകളും കിലവഴി കൺസൾട്ടൻസി പൂർത്തിയാക്കുന്ന ഗ്രാമപഞ്ചായത്തുകളും സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾക്ക് M/s TQ Service നെ ബന്ധപ്പെടുക (Shri.Radhakrishnan,M/s TQ ServiceContact No.9447124569) സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾക്ക് പൂർണ്ണ സഹകരണം നൽകുക.
- മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് വഴി ഐ.എസ്.ഒ.സർട്ടിഫിക്കേഷന്റെ ജില്ലാതല നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുള്ള പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
- പഞ്ചായത്ത് ഡയറക്ടർ വിളിച്ചുചേർക്കുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രതിമാസ യോഗത്തിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ജില്ലാതല പുരോഗതി ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അറിയിക്കേണ്ടതാണ്.
-

**M P AJITHKUMAR**
**ADDITIONAL DIRECTOR**

പകർപ്പ്:
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും(ഡി.ഡി.പി.മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും(ഡി.ഡി.പി.മുഖേന)
ഡയറക്ടർ, കില
M/s TQ Service
ടീം ലീഡർ, ആർ.ജി.എസ്.എ,

Signature valid

Digitally signed by
AJITHKUMAR
Date: 2 12.0 :09:38 IST
Reason: